മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# 13 നദികളെ പുനരുജ്ജീവിപ്പിക്കും -ഡോ. സി. കുഞ്ഞിക്കണ്ണൻ

**കോയമ്പത്തൂർ ►** ഇന്ത്യയിലെ 13 പ്രധാന നദികളുടെ പുനരുജ്ജീകരണത്തിനായി വൻ പദ്ധതികൾ തയാറാക്കിയിട്ടുള്ളതായി ഐ.എഫ്.ജി.ടി.ബി. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് കേന്ദ്രത്തിൽ ലോക പരിസ്ഥിതി ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്റ്ററി റിസർച്ച് ആൻഡ് എഡ്യൂക്കേഷനാണ് പദ്ധതി തയ്യാറാക്കിയത്.

ഓൺലൈനായി നടന്ന പരിസ്ഥിതി ദിനാചരണത്തിൽ ഡോ. കണ്ണൻ വാര്യർ 'ഇക്കോ വ്യൂഹങ്ങളുടെ പുനഃസ്ഥാപനം' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി.



► കോയമ്പത്തൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് കേന്ദ്രത്തിൽ നടന്ന പരിസ്ഥിതി ദിനാചരണത്തിൽ നിന്ന്

പൊതുജനങ്ങൾക്കായി സംഘടിപ്പിച്ച രാജ്യാന്തര ചിത്രരചനാമത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു. ബോധവത്കരണ പോസ്റ്ററുകൾ പുറത്തിറക്കി. പങ്കെടുത്തവർക്കെല്ലാം ഇ-സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പ്രോഗ്രാം ഓഫീസർ ഡോ. എസ്. വിഗ്നേശ്വരൻ സംസാരിച്ചു.

30. News in Mathrubhumi, Palakkad, 06.06.2021, Digital Observance of World Environment Day by IFGTB ENVIS.